**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 357** **06-03-2023 - ൽ മറുപടിയ്ക്ക്**

**പ്രതിസന്ധിയിലാകുന്ന സഹകരണ സ്ഥാപനങ്ങളെ സഹായിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ ബാങ്ക് പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ അത് തരണം ചെയ്യുന്നതിനായി ശക്തമായ ഇടപെടൽ നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രതിസന്ധി നേരിടുന്ന സഹകരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി '**കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി- 2023**' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, ഉചിതമായ നിർദ്ദേശങ്ങളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും, വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.<br><br>പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടത്തുന്നതിനും ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | (i) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുക, അവയുടെ പ്രവർത്തന വൈവിധ്യവൽക്കരണം എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തുക.<br><br>(ii) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക, ആവശ്യമായ ഉപദേശം നൽകുക.<br><br>(iii) പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം, തുടങ്ങിയവ മൂലം പ്രവർത്തനം മന്ദീഭവിച്ച സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.<br><br>(iv) അഴിമതി പോലുള്ള പ്രവർത്തികൾ കാരണം പ്രവർത്തനം നിലച്ച സംഘങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുക.<br><br>(v) സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനും, നിക്ഷേപപദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.<br><br>(vi) സഹകരണ സംഘങ്ങൾക്ക് ലാഭകരമോ / പ്രായോഗികമായതോ ആയ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായം നൽകുക.<br><br>(vii) ദുർബലവും, എന്നാൽ പ്രായോഗികവും, ശക്തിയാർജ്ജിക്കാൻ കഴിവുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസം പ്രാവർത്തികമാക്കുക.<br><br>(viii) സംഘങ്ങളുടെ പുതിയ നിക്ഷേപ നിർദ്ദേശങ്ങൾ വിശകലനം ചെയ്യുക, ആവശ്യമായ ഉപദേശം നൽകുക. |
| (ബി) | പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും സർക്കാർ ഇടപെടലിലൂടെ മികവുറ്റതാക്കി മാറ്റുന്നതിനും സഞ്ചിത നിധി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രതിസന്ധി നേരിടുന്ന സഹകരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി '**കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി- 2023**' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, ഉചിതമായ നിർദ്ദേശങ്ങളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ സഹകരണ |

മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും, വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടത്തുന്നതിനും ലക്ഷ്യമിടുന്നു.

(i) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുക, അവയുടെ പ്രവർത്തന വൈവിധ്യവൽക്കരണം എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തുക.

(ii) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക, ആവശ്യമായ ഉപദേശം നൽകുക.

(iii) പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം, തുടങ്ങിയവ മൂലം പ്രവർത്തനം മന്ദീഭവിച്ച സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

(iv) അഴിമതി പോലുള്ള പ്രവർത്തികൾ കാരണം പ്രവർത്തനം നിലച്ച സംഘങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുക.

(v) സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനും, നിക്ഷേപപദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

(vi) സഹകരണ സംഘങ്ങൾക്ക് ലാഭകരമോ / പ്രായോഗികമായതോ ആയ വാണിജ്യ

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായം നൽകുക.<br><br>(vii) ദുർബലവും, എന്നാൽ പ്രായോഗികവും, ശക്തിയാർജ്ജിക്കാൻ കഴിവുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസം പ്രാവർത്തികമാക്കുക.<br><br>(viii) സംഘങ്ങളുടെ പുതിയ നിക്ഷേപ നിർദ്ദേശങ്ങൾ വിശകലനം ചെയ്യുക, ആവശ്യമായ ഉപദേശം നൽകുക. |
| (സി) | സഹകരണ മേഖലയിലെ നിക്ഷേപവും നിക്ഷേപകരുടെയും സഹകാരികളുടെയും താല്പര്യങ്ങളും സംരക്ഷിക്കുന്നതിന് നിലവിലുള്ള ഡെപ്പോസിറ്റ് ഗ്യാരന്റി ബോർഡിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സഹകരണ മേഖലയിലെ നിക്ഷേപവും നിക്ഷേപകരുടെയും സഹകാരികളുടെയും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനായി ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പരിഷ്കരിക്കുന്നതിനുള്ള ഒരു നിർദ്ദേശം തയ്യാറാക്കി  സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ബോർഡിന്റെ ശുപാർശ പരിശോധിച്ച് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇതിനായി സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സഹകരണ മേഖലയിലെ നിക്ഷേപവും നിക്ഷേപകരുടെയും സഹകാരികളുടെയും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനായി ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പരിഷ്കരിക്കുന്നതിനുള്ള ഒരു നിർദ്ദേശം തയ്യാറാക്കി  സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ബോർഡിന്റെ ശുപാർശ പരിശോധിച്ച് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ